(ബി) എങ്കിൽ ഈ ഓഫീസ് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള എന്തെങ്കിലും നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട ജലഗതാഗത വകുപ്പിന്റെ മേഖലാ ഓഫീസ് ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 10 സെന്റ് സ്ഥലം നൽകാൻ കഴിയുമോ എന്ന് പൊതുമരാമത്ത് വകുപ്പിനോട് ആരാഞ്ഞിരിക്കുകയാണ്. കൂടാതെ തളിപ്പറമ്പ് താലൂക്കിൽ പയ്യന്നൂർ വില്ലേജിൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനും ശ്രമിച്ചു വരുന്നു. ഭൂമി ലഭിച്ചാൽ ഉടൻതന്നെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കും.

80 (372) റെയിൽവേ ഓവർബ്രിഡ്ജ്

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുവത്തൂർ, തൃക്കരിപ്പൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ റെയിൽവേ വകുപ്പിന് ഡെപ്പോസിറ്റായി നൽകാനുള്ള തുക നൽകിയിട്ടുണ്ടെങ്കിൽ വിശദവിരം അറിയിക്കുമോ;

(സി) ഈ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ചെറുവത്തൂർ-തൃക്കരിപ്പൂർ റെയിൽവേസ്റ്റേഷനുകൾക്കിടയിൽ ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മാണത്തിനായി റെയിൽവേ അധികൃതരുടെ എസ്റ്റിമേറ്റ് പ്രകാരം 96,33,180 രൂപ 20.3.99-ൽ റെയിൽവേ വകുപ്പിനു നൽകിയിട്ടുണ്ട്.

(സി) എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ വ്യക്തമായി പറയാൻ കഴിയുകയില്ല.

81 (373) ചാർജ് കുറയ്ക്കുവാൻ നടപടി

ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly